# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:975 11/07/2016-ൽ മറുപടിയ്ക്ക്**

## തീരദേശ മേഖലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ : | | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): | |
| എ) | സംസ്ഥാനത്ത് കോസ്റ്റൽ ഏരിയാ ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ കീഴിൽ തീരദേശ മേഖലയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. |
| ബി) | വികസന പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | വികസനപരമായി പിന്നോക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതവുമായ മത്സ്യഗ്രാമങ്ങൾക്ക് മുൻഗണന നൽകിക്കൊ ണ്ടാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |

സി) തീരദേശ മേഖലയിൽ പ്രത്യേക പാർപ്പിട പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

സി) തീരദേശമേഖലയിൽ സമഗ്രമായ പാർപ്പിട പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. അതിൽ കടലാക്രമണ ഭീഷണി നിരന്തരം നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം കൂടി ഉറപ്പാക്കുന്നതാണ്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരികയാണ്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനാവശ്യമായ തുകയുടെ ആദ്യഗഡുവായി 25 കോടി രൂപ വകയിരുത്തുന്നതായി പറഞ്ഞിട്ടുള്ളതുമാണ്.

സെക്ഷൻ ആഫീസർ